പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3593 — 10/04/2013 - ൽ മറുപടിയ്ക്ക്

## തീരദേശ വനവൽക്കരണത്തിന് കണ്ടൽ കൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>'' തോമസ് ചാണ്ടി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി കണ്ടൽച്ചെടികളുടെ തൈ വച്ചു പിടിപ്പിക്കാനുള്ള പദ്ധതി എത്രത്തോളം വിജയിച്ചുവെന്ന് വെളിപ്പെടുത്താമോ; | (എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി 13-ാം ധനകാര്യകമ്മീഷനു കീഴിൽ വനം വകുപ്പ് മുഖേന 2.82 കോടി രൂപയുടെ കണ്ടൽ തൈകളും രാമച്ചവും വച്ചു പിടിപ്പിക്കുന്നതിനായിട്ടുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ 2011-12 കാലയളവിലെ പ്രവർത്തികൾ പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ കാലയളവ് 2011 തൊട്ട് 2015 വരെയാണ്.<br>കുട്ടനാട് പാക്കേജിന്റെ ഭാഗമായി കേന്ദ്രപരിസ്ഥിതി വനം മന്ത്രാലയത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഒരു ലക്ഷം കണ്ടൽ തൈകൾ കുട്ടനാട്ടിൽ വിതരണം ചെയ്തു. |
| (ബി) മത്സ്യം വളർത്താൻ കണ്ടൽച്ചെടികൾ ഏറ്റവും അനുയോജ്യമായതിനാൽ മത്സ്യ ക്കൃഷിക്കാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനം നൽകാനും കണ്ടൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കുമോ? | (ബി) പരിശീലനത്തിനായുള്ള പദ്ധതികളും കണ്ടൽ വച്ചു പിടിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ ഉപ പദ്ധതികളായി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ